നമ്പർ.എൽ.ആർ.ബി3-11432/2012.

ലാന്റ് റവന്യൂ കമ്മീഷണറുടെ ആഫീസ്
പബ്ളിക് ഓഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 695 033
തീയതി : 14.06.2012.

## സർക്കുലർ

വിഷയം:- കേരളാ ഭൂനികുതി പരിഷ്ക്കരിച്ച നിരക്ക് നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന: -1. കേരളാ ധനകാര്യ ബിൽ 2012.
2. 30.04.2012ലെ 29563/ജി1/03/RD നമ്പർ കത്ത്.
3. 11.06.2012ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ പുറത്തെഴുത്ത്.

1961-ലെ കേരളാ ലാന്റ് ടാക്സ് ആക്ട് സെക്ഷൻ 6 പ്രകാരം നിഷ്ക്കർഷിച്ചിരുന്ന അടിസ്ഥാന ഭൂനികുതി സൂചന 1 പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ളതാണ്. ടി നിരക്ക് 01.04.12 പ്രാബല്യത്തിൽ ഈടാക്കുന്നതിന് സൂചന 2 പ്രകാരം സർക്കാരിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന 3 പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മിക്ക ജില്ലകളിലും പുതുക്കിയ നിരക്കിലല്ല ഭൂനികുതി ഈടാക്കി വരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. നിലവിൽ ഈടാക്കി വന്നിരുന്ന നിരക്കും പരിഷ്ക്കരിച്ച നിരക്കും ചുവടെ ചേർക്കുന്നു.

| | | നിലവിലുണ്ടായിരുന്ന നിരക്ക് | പരിഷ്ക്കരിച്ച നിരക്ക് |
|---|---|---|---|
| കോർപ്പറേഷനുകൾ | 2 ആർ വരെ | 1 ആറിന് 2 രൂപ | 1 ആറിന് 4 രൂപ |
| | 2 ആറിന് മുകളിൽ | 1 ആറിന് 4 രൂപ | 1 ആറിന് 8 രൂപ |
| മുനിസിപ്പാലിറ്റി/ ടൗൺഷിപ്പ് | 6 ആർ വരെ | 1 ആറിന് 1 രൂപ | 1 ആറിന് 2 രൂപ |
| | 6 ആറിന് മുകളിൽ | 1 ആറിന് 2 രൂപ | 1 ആറിന് 4 രൂപ |
| പഞ്ചായത്ത് | 20 ആർ വരെ | 1 ആറിന് 50 പൈസ | 1 ആറിന് 1 രൂപ |
| | 20 ആറിന് മുകളിൽ | 1 ആറിന് 1 രൂപ | 1 ആറിന് 2 രൂപ |

വർദ്ധിപ്പിച്ച നിരക്കിലുള്ള തുക 01.04.2012 പ്രാബല്യത്തിൽ ഈടാക്കുന്നതിന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)
കമ്മീഷണർ.

പകർപ്പ്:

1. ജില്ലാ കളക്ടർ
2. ആർ.ഡി.ഒ. } ജില്ലാ കളക്ടർ മുഖേന.
3. തഹസീൽദാർ }
4. വില്ലേജ് ഓഫീസർ. }
5. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ. (ആമുഖ കത്ത് സഹിതം)
6. സി.എ. to കമ്മീഷണർ/ജോയിന്റ് കമ്മീഷണർ.
7. സി.എ. to അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ)/(എൽ.ആർ).
8. സൂപ്രണ്ട്, എൽ.ആർ.ബി.സെക്ഷൻ.
9. സ്റ്റോക്ക് ഫയൽ. ബി3/വി8.
10. സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്.

T6-16/6/12